ഉദ്ദീപ്തങ്ങളാക്കുകയും വേണം. മാനസികമായ ഈ തയ്യാറെടുപ്പു കൂടാതെ, കടലാസ്സിനു മുമ്പിൽ കുത്തിയിരുന്നു് എഴുതേണ്ട കാര്യമേതെന്നു് ആലോചിക്കുന്നവരാണു പത്രലേഖകരിൽ വലിയ ഒരു വിഭാഗം. പത്രസാഹിത്യത്തിന്റെ വിരസതയ്ക്കും ഏകരൂപതയ്ക്കും നിസ്സാരതയ്ക്കുംഏറിയ തോതിൽ ഉത്തരവാദിത്തം വഹിക്കേണ്ടതു്, തന്റെ 'ഹോംവർക്കു്' ശരിക്കു ചെയ്യുന്നതിൽ എഴുത്തുകാരൻ വരുത്തുന്ന വീഴ്ചയാകുന്നു.

പ്രദർശന (ഡിസ്പ്ലേ)പരമായ ഒരു വശംകൂടി വായനസുഖത്തിനുണ്ടു്. ടൈപ്പുകളുടെ തെരഞ്ഞെടുപ്പു്, പേജിന്റെ സംവിധാനം, ചിത്രങ്ങൾ മുതലായ, മുദ്രണം സംബന്ധിച്ച, ഘടകങ്ങൾ ഇവിടെ പരിഗണനയ്ക്കു വിഷയമാകുന്നു. എത്ര വിശിഷ്ടമായ ഒരു സാഹിത്യകൃതിയും, അവിശുദ്ധമായി അച്ചടിക്കപ്പെട്ടാൽ, വായനസുഖം നഷ്ടപ്പെട്ടുപോവും. നന്നെ മോശമല്ലെങ്കിൽ, ഏതു കൃതിയും ഭംഗിയായ സംവിധാനത്തിലൂടെ വായനസുഖമുള്ളതാക്കുകയും ചെയ്യാം. അതു്, പക്ഷേ, അച്ചടിക്കാരന്റെ കലയാണു്. എഴുത്തുകാരനെസ്സംബന്ധിച്ചിടത്തോളം 'വായനസുഖം' എന്തെന്നു് വിവരിക്കാനാണു് ഇവിടെ ശ്രമിച്ചിട്ടുള്ളതു്.

(26 മാർച്ചു്, 1985)

## 44. ദേശീയഗ്രന്ഥശാലാനയം

ഗ്രന്ഥശാലകളെസ്സംബന്ധിച്ച വ്യക്തമായ ഒരു ദേശീയനയം ഇന്ത്യാഗവണ്മെന്റ് ആവിഷ്കരിക്കുകയും, സ്റ്റേറ്റ് ഗവണ്മെന്റുകളുടെയും പൊതുജനങ്ങളുടെയും അറിവിനായി ഈ നയം പ്രഖ്യാപിക്കുകയും, നിഷ്ഠയോടെ അതു നടപ്പിൽ വരുത്തുകയും വേണമെന്ന ആവശ്യം പല വർഷങ്ങളായി ഉന്നയിക്കപ്പെട്ടുവരുന്നുണ്ടു്. പുസ്തകങ്ങൾ വാങ്ങുന്നതിനു് സ്റ്റേറ്റുകളിലെ ഗ്രന്ഥശാലകൾക്കു ധനസഹായം നൽകുകയെന്ന ഉദ്ദേശ്യത്തോടെ 'രാജാറാം മോഹൻറോയ് വിദ്യാഭ്യാസ ഫൗണ്ടേഷൻ' എന്ന സ്ഥാപനം കേന്ദ്രഗവണ്മെന്റ് നിലവിൽ വരുത്തിയപ്പോൾ, ഇത്തരമൊരു ദേശീയനയത്തെപ്പററി കേന്ദ്രഗവണ്മെന്റിനെ ഉപദേശിക്കുക എന്ന ചുമതലകൂടി ഫൗണ്ടേഷനു് നിർദേശിച്ചിരുന്നു. രാജാറാം മോഹൻറോയ് ഫൗണ്ടേഷൻ ഇപ്പോൾ ദേശീയ ഗ്രന്ഥശാലാനയത്തിന്റെ കരടുരേഖ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടു്. താമസിയാതെ കേന്ദ്രഗവണ്മെന്റ് ഈ രേഖ പാർലമെന്റിൽ ചർച്ചയ്ക്കു് സമർപ്പിക്കുമെന്നു് പ്രതീക്ഷിക്കാം. പൊതുജനങ്ങൾ സാമാന്യമായും, ഗ്രന്ഥശാലാപ്രവർത്തകരും വിദ്യാഭ്യാസപ്രവർത്തകരും അവഗാഢമായും ഈ കരടുരേഖ പഠിക്കുകയും, പാർലമെന്റിൽ സമർപ്പിക്കപ്പെടുംമുമ്പുതന്നെ അതിനെപ്പററി ചർച്ചചെയ്തു് അഭിപ്രായം രൂപവല്കരിക്കുകയും, അങ്ങനെ രൂപവല്കരിക്കപ്പെട്ട അഭിപ്രായം അധികൃതസ്ഥാനങ്ങളിലെത്തിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. 'ഗ്രന്ഥശാലകളെയും വിജ്ഞാനവിതരണസംവിധാനത്തെയും സംബന്ധിച്ച ദേശീയനയം' എന്നു പേരു നൽകപ്പെട്ടിരിക്കുന്ന ഈ കരടുരേഖയിലെ പ്രധാന ഭാഗങ്ങൾ ഇവിടെ കുറിക്കുന്നതു്, ഇത്തരമൊരു ചർച്ചയ്ക്കു് ഇതു സഹായിക്കുമെന്ന പ്രതീക്ഷയോടെയാണു്.

രാജ്യത്തൊട്ടാകെ ഗ്രന്ഥശാലകളും വിജ്ഞാനവിതരണസേവനങ്ങളും ആസൂത്രിതമായി വികസിപ്പിക്കുകയും, ജനങ്ങൾക്കു് ഇവ ഉപയോഗ

പ്പെടുത്താൻ വേണ്ടത്ര സൗകര്യങ്ങളുണ്ടാക്കുകയുമാണ് 'ദേശീയഗ്രന്ഥശാലാനയ'ത്തിന്റെ ലക്ഷ്യം. സാമ്പത്തികവികസനത്തിനുള്ള ഒരു അടിസ്ഥാനവിഭാഗമാണ് വിജ്ഞാനം. പുസ്തകങ്ങരം, ആനുകാലികങ്ങരം, പത്രങ്ങരം, മുതലായ അച്ചടിച്ച മാദ്ധ്യമങ്ങളിലൂടെയും, ഫിലിമുകരം, ടേയ്പ്പുകരം, ഡിസ്കുകരം, കമ്പ്യൂട്ടർ ഫയലുകരം മുതലായ ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെയും വിജ്ഞാനം സംഭരിച്ച്, വിതരണം ചെയ്യപ്പെടുന്നു. ഇന്ത്യയിൽ പല ഭാഗങ്ങളിൽ, പല സ്ഥാപനങ്ങളിലായി ഇത്തരം വിഭവങ്ങരം സംഭരിച്ചുവെച്ചിട്ടുണ്ട്. പക്ഷേ, ഇവ വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല. വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും നിലവാരം ഉയർത്താനും, വിജ്ഞാനവിതരണവിഭവങ്ങളുടെ വ്യാപകമായ ഉപയോഗം അനുപേക്ഷണീയമാണ്. തനിക്കാവശ്യമുള്ള വിവരം ലഭിക്കുവാൻ ഓരോ പൗരനും അവകാശമുണ്ട്. 'വ്യക്തിയുടെയും സമൂഹത്തിന്റെയും വികസനത്തിനു വിജ്ഞാനം ഒരു അനുപേക്ഷണീയ ഘടകമാണെന്നു് അംഗീകരിച്ചുകൊണ്ട്, കേന്ദ്രഗവണ്മെന്റും സ്റ്റേററ് ഗവണ്മെന്റും ജനങ്ങരംക്ക് ഗ്രന്ഥശാലകളുടെയും മററു വിജ്ഞാനവിതരണകേന്ദ്രങ്ങളുടെയും സേവനം പരമാവധി ലഭ്യമാക്കുമെന്നു് ഉറപ്പുകയും, ഈ നിശ്ചയം നടപ്പിൽവരുത്തുകയും വേണം.

വിദ്യാർത്ഥികരം, അദ്ധ്യാപകർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ഭരണകർത്താക്കരം, തൊഴിലുകളിൽ ഏർപ്പെട്ടവർ, കുട്ടികരം, നിരക്ഷരർ, അവശർ, വൃദ്ധർ, വികലാംഗർ മുതലായ എല്ലാ ജനവിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും ഗവേഷണപരവും സാംസ്കാരികവും വിനോദപരവും വിജ്ഞാനസമ്പാദനപരവുമായ ആവശ്യങ്ങരം പൂർണമായും നിറവേററുന്നതിനുവേണ്ടി, മുമ്പു പറഞ്ഞ എല്ലാത്തരം വിദ്യാഭ്യാസമാദ്ധ്യമങ്ങളും ശേഖരിച്ചു സംരക്ഷിച്ചു വേണ്ട സമയത്തു ചുരുങ്ങിയ ചെലവിൽ ആവശ്യക്കാർക്കു ലഭ്യമാക്കുന്ന ഗ്രന്ഥശാലകളുടെയും വിജ്ഞാനവിതരണ കേന്ദ്രങ്ങളുടെയും ശൃംഖലകരം സ്ഥാപിക്കുകയും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നതു് ആവശ്യമാകുന്നു.

ഗ്രന്ഥശാലകളും വിജ്ഞാനവിതരണകേന്ദ്രങ്ങളും ആസൂത്രണംചെയ്യുക, അവയ്ക്കു മാർഗനിർദേശം നൽകുക, അവയുടെ നടത്തിപ്പിനു ധനസഹായം ശുപാർശചെയ്യുക മുതലായ കാര്യങ്ങരംക്കായി ദേശീയതലത്തിൽ കേന്ദ്രഗവണ്മെന്റ് ഒരു ലൈബ്രറി ബോർഡ് സ്ഥാപിക്കണം. സ്റ്റേററുകളിലും ഇത്തരം ബോർഡുകരം ഉണ്ടായിരിക്കണം. ഇവ നിയമാധിഷ്ഠിതങ്ങളാകുന്നതാണു നല്ലതു്. പലതരം ലൈബ്രറികരംക്കുവേണ്ടി പ്രത്യേക കമ്മിററികളെ ഈ ബോർഡുകരം നിയമിക്കണം. തീരുമാനങ്ങരം നടപ്പിൽ വരുത്തുന്നതിനുള്ള സെക്രട്ടറിയേററുകളും ഡയറക്ടറേററുകളും ഈ ബോർഡുകരംക്ക് ഉണ്ടാവണം.

## കേന്ദ്രസംവിധാനം

രാജ്യത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുസ്തകങ്ങളും മററു വിജ്ഞാന വിതരണമാദ്ധ്യമങ്ങളും ശേഖരിച്ചു ഭാവിതലമുറകരംക്കുവേണ്ടി സംരക്ഷിക്കുന്നതിനായി കൽക്കത്തയിലെ നാഷണൽ ലൈബ്രറി, ഒരു കേന്ദ്ര–ഡെപ്പോസിററ് ലൈബ്രറി, ദില്ലിയിലും, ബോംബെയിലും മദ്രാസിലുമായി മൂന്നു് പ്രാദേശിക ഡെപ്പോസിററ് ലൈബ്രറികരം എന്നിവ കേന്ദ്രഗവണ്മെന്റ് നിലനിർത്തുകയും വികസിപ്പിക്കുകയും വേണം. പ്രാദേശിക ഭാഷകളിലുള്ള അത്യാഗർഭങ്ങളായ പ്രസിദ്ധീകരണങ്ങരം ശേഖരിച്ച് അതാതു സ്റ്റേററിലെ കേന്ദ്ര ലൈബ്രറികളിൽ സംരക്ഷിക്കുന്നതിനായി ഓരോ സ്റ്റേററും പ്രത്യേകം നിയമമുണ്ടാക്കണം.

ഈ ഉദ്ദേശ്യം മുൻനിർത്തി, 1954–ലെ 'ഡെലിവറി ഓഫ് ബുക്സ് ആൻഡ് ന്യൂസ് പേപ്പേഴ്സ് ആക്ട്' എന്ന നിയമം താഴെ ചേർക്കുംവിധം പരിഷ്കരിക്കണം:

1. അച്ചടിക്കുന്ന എല്ലാ സാമഗ്രികളുടെയും ഒരു പ്രതി നിർബന്ധമായും കൽക്കത്തയിലെ നാഷനൽ ലൈബ്രറിയിൽ നിക്ഷേപിക്കണം.
2. ആവശ്യപ്പെടുന്നപക്ഷം രണ്ടാമതൊരു പ്രതികൂടി നാഷനൽ ലൈബ്രറിക്കു നൽകണം.
3. എല്ലാ പ്രാദേശികഭാഷകളിലും അച്ചടിക്കുന്ന സാമഗ്രികളുടെ ഓരോ പ്രതി അതാതു പ്രാദേശിക ഡെപ്പോസിററ് ലൈബ്രറിയിൽ നിക്ഷേപിക്കണം.

നാഷനൽ ലൈബ്രറിയിൽ കിട്ടുന്ന ഒരു പ്രതി ദേശീയ പുസ്തകസൂചി നിർമിക്കാൻ ഉപയോഗപ്പെടുത്തുകയും ഗവേഷണാവശ്യങ്ങൾക്കായി സൂക്ഷിച്ചുവെക്കുകയും ചെയ്യും. മറേറ പ്രതി വായനക്കാർക്കു കൊടുക്കും. ഡെപ്പോസിററ് ചെയ്യപ്പെടുന്നവയ്ക്കു പുറമേ, വിദേശ പ്രസിദ്ധീകരണങ്ങളും വിജ്ഞാനവിതരണമാദ്ധ്യമങ്ങളും വേണ്ടത്ര അളവിൽ നാഷനൽ ലൈബ്രറിയിൽ വിലയ്ക്കു വാങ്ങി സൂക്ഷിക്കുകയുംചെയ്യും.

നാഷനൽ ലൈബ്രറിയിൽ ഒരു ദേശീയ പുസ്തകസൂചികേന്ദ്രം ഉണ്ടായിരിക്കും. ദേശീയ പുസ്തകസൂചികൾ തുടർച്ചയായി നിർമിച്ച് പ്രസിദ്ധീകരിക്കുന്നതിനുപുറമെ, പൊതുപുസ്തകസൂചികളും, പഴയ പുസ്തകങ്ങളുടെ സൂചികളും മററും ഇവിടെ തയ്യാറാക്കും. എന്നാൽ പ്രത്യേക വിഷയങ്ങളിലെ പുസ്തകസൂചികൾ തയ്യാറാക്കുക അതാതു വിഷയങ്ങൾക്കുള്ള ദേശീയലൈബ്രറികളും ഗവേഷണസ്ഥാപനങ്ങളും ആയിരിക്കും.

രാജ്യത്തിനു പൊതുവെ വിജ്ഞാനം സംബന്ധിച്ച വിവരങ്ങൾ നൽകുന്ന കേന്ദ്രം ആയിരിക്കും നാഷനൽ ലൈബ്രറി. പ്രാദേശിക ഡെപ്പോസിററ് ലൈബ്രറികൾ, പ്രത്യേക വിഷയങ്ങൾക്കുള്ള ദേശീയ ലൈബ്രറികൾ, യൂനിവേഴ്സിററി ലൈബ്രറികൾ, സ്റ്റേററുകളിലെ കേന്ദ്ര ലൈബ്രറികൾ എന്നിവയുടെ സഹായത്തോടെ രാജ്യത്തെവിടെയുമുള്ള ആവശ്യക്കാർക്കു വേണ്ട രേഖകൾ അപ്പോഴപ്പോൾ എത്തിക്കുന്നതിൽ നാഷനൽ ലൈബ്രറി നേതൃത്വം വഹിക്കും. ഇതിനായി നാഷനൽ ലൈബ്രറി, പുനസ്സംഘടിപ്പിക്കും.

നാഷനൽ ലൈബ്രറിക്കു പുറമെ, ദേശീയ സയൻസ് ലൈബ്രറി, ദേശീയ മെഡിക്കൽ ലൈബ്രറി, ദേശീയ കാർഷികലൈബ്രറി മുതലായ 'വിഷയ ലൈബ്രറികൾ' വളരുകയും അവയുടെ ചുമതലകൾ നിറവേററുകയുംചെയ്യും. അനാവശ്യമായ വൃഥാ വ്യയം ഒഴിവാക്കാൻ ഇവയുടെയെല്ലാം പ്രവർത്തനം പരസ്പരം ബന്ധപ്പെടുത്തും.

## പൊതുഗ്രന്ഥശാലകൾ

ഒരു ജനക്ഷേമസ്ഥാപനമാണ് പൊതുഗ്രന്ഥശാല. വിദ്യാഭ്യാസം പോഷിപ്പിച്ചും, സംസ്കാരം വളർത്തിയും, ആരോഗ്യകരമായ വിനോദം നൽകിയും, അറിവു പരത്തിയും ഗ്രന്ഥശാല പൊതുജനങ്ങൾക്ക് വയോ–ലിംഗ–മത–ഭാഷാ–പദവി–ഭേദം കൂടാതെ സേവനം നൽകുന്നു. ഔദ്യോഗികസ്ഥാപനങ്ങളുടെയും സ്വയംസേവകസ്ഥാപനങ്ങളുടെയും സഹായത്തോടെ രാജ്യത്തിൽ എല്ലായിടത്തും ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള എല്ലാ ജനവിഭാഗങ്ങൾക്കും പര്യാപ്തമായ ഗ്രന്ഥശാലാസേവനം ഈ നൂററാണ്ടിൻെറ അവസാനമാകുമ്പോഴേക്ക് എത്തിച്ചു കൊടുക്കുവാൻ കേന്ദ്രഗവ

ണ്മെൻറും സംസ്ഥാനഗവണ്മെൻറുകളും ദൃഢനിശ്ചയമെടുക്കണം. ഇതിനാവശ്യമായ നിയമങ്ങൾ നിർമിക്കപ്പെടണം. ഗ്രന്ഥശാലകളുടെ നടത്തിപ്പിലേക്കായി, ആവശ്യമെങ്കിൽ, സ്വത്തുനികുതി, വില്പനനികുതി, വിനോദനികുതി, എക്സൈസ്നികുതി മുതലായവയിൽ അധികനികുതി ചുമത്തി പണമുണ്ടാക്കണം. ഗ്രന്ഥശാലകളുടെ ശൃംഖലകളെ വളർത്താൻ കേന്ദ്രഗവണ്മെൻറ് സ്റ്റേററ്ഗവണ്മെൻറുകൾക്ക് ധനസഹായം നൽകണം. ഓരോ സ്റ്റേററിലും വിദ്യാഭ്യാസബജററിൻെറ ആറു ശതമാനം വരണം ഗ്രന്ഥശാലകൾക്കുള്ള ചെലവ്. ഗ്രന്ഥശാലകളിൽ സെക്യൂരിററി ഡെപ്പോസിററ് മാത്രമേ വായനക്കാരിൽനിന്നു വാങ്ങാവൂ; ഗ്രന്ഥശാലാസേവനം തികച്ചും സൗജന്യമായിരിക്കണം.

ഉയർന്ന വിദ്യാഭ്യാസത്തിൻെറ വളർച്ചയിൽ സർവകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികൾക്ക നിർണായകമായ പങ്കുണ്ട്. യൂനിവേഴ്സിററിയുടെ ബജററിൻെറ ആറു ശതമാനം യൂനിവേഴ്സിററി ലൈബ്രറിക്കും കോളേജ് ബജററിൻെറ ആറു ശതമാനം കോളേജ് ലൈബ്രറിക്കും വേണ്ടി ചെലവഴിക്കണം.

വിദ്യാർത്ഥികളിൽ വായനശീലം വളർത്തുന്നതിൽ സ്കൂളുകളിലെ ലൈബ്രറികളും മാദ്ധ്യമ–കേന്ദ്രങ്ങളും വലിയ പങ്കു വഹിക്കുന്നു. ഹയർസെക്കണ്ടറി മുതൽ പ്രൈമറി വരെയുള്ള സ്കൂളുകളിൽ ലൈബ്രറികൾ വികസിപ്പിക്കാൻ സമയബന്ധിതമായ ഒരു പരിപാടി ആവിഷ്കരിച്ചു നടപ്പിൽ വരുത്തണം. സ്കൂൾ ലൈബ്രറികളിൽ മുറികൾ, അലമാരകൾ, പുസ്തകങ്ങൾ മുതലായ ഭൗതികവിഭവങ്ങളോടൊപ്പം പരിശീലനം സിദ്ധിച്ച ലൈബ്രേറിയന്മാരുമുണ്ടാവണം.

പാർലമെൻറ്, സർക്കാർ വകുപ്പുകൾ, ശാസ്ത്രീയ–ഗവേഷണ–സ്ഥാപനങ്ങൾ, പണ്ഡിതപരിഷത്തുകൾ, തൊഴിൽ സംഘടനകൾ, മ്യൂസിയങ്ങൾ, വാണിജ്യമണ്ഡലങ്ങൾ മുതലായ സ്ഥാപനങ്ങളിലെ പ്രത്യേക ഗ്രന്ഥശാലകൾ ഗവേഷണ–വികസനപ്രവർത്തനങ്ങളിൽ വലിയ പങ്കു വഹിക്കുന്നു. സയൻസിനും ടെക്നോളജിക്കുംവേണ്ടിയുള്ള പ്രത്യേക ലൈബ്രറികളുടെ ശൃംഖല മാത്രമേ ഇപ്പോൾ ഇന്ത്യയിലുള്ളു. മററു വിഷയങ്ങളിലും നമ്മുടെ വസ്തുത–സംഭരണങ്ങൾ (ഡാററാബാങ്കുകൾ) വികസിക്കേണ്ടതുണ്ട്. ഇവ വികസിപ്പിക്കുന്നതിൽ ഗവേഷണസ്ഥാപനങ്ങൾ പ്രമുഖ പങ്കുവഹിക്കുന്നു. വ്യത്യസ്തവിജ്ഞാനവിഭാഗങ്ങൾക്കായി ദേശീയ വിജ്ഞാനവിതരണകേന്ദ്രങ്ങൾ ഇത്തരം സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കണം.

നിലവാരമുള്ള എല്ലാ പൊതുഗ്രന്ഥശാലകളിലും ഓരോ ശിശുവിഭാഗം ഉണ്ടായിരിക്കണം. കുട്ടികൾക്ക പററിയ ഉപകരണങ്ങൾ ഇവയിൽ സംഭരിക്കണം. പ്രത്യേക സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ശിശുഗ്രന്ഥശാലകൾക്ക സഹായധനം നൽകണം. അന്ധർ, വൃദ്ധർ, വികലാംഗർ, രോഗികൾ, തടവുപുള്ളികൾ, അനാഥർ മുതലായവർക്ക് ലൈബ്രറി സേവനം നൽകാൻ പ്രത്യേക പരിശ്രമം ആവശ്യമാണ്. എല്ലാ പൊതുഗ്രന്ഥശാലകളിലും അന്ധർക്കായി ബ്രെയിൽ ലിപിയിൽ വേണ്ടത്ര പുസ്തകങ്ങൾ സംഭരിക്കണം.

ഗ്രാമപ്രദേശങ്ങളിലും ആദിവാസികൾ, നവസാക്ഷരർ മുതലായവർക്കിടയിലും ഗ്രന്ഥശാലാസേവനം എത്തിക്കാൻ നടപടികളെടുക്കണം. ഇതിനായി വാഹനലൈബ്രറികളും മററും പ്രയോജനപ്പെടുത്തണം.

വിജ്ഞാനസംഭരണ–വിതരണ–കാര്യത്തിൽ ഗണ്യമായ പ്രാധാന്യം ഉള്ളവയാണ് പുരാരേഖകൾ. ഗവണ്മെൻറുകളുടെ പുരാരേഖാവിഭാഗ

ങ്ങളും ഗ്രന്ഥശാലകളും തമ്മിൽ ബന്ധപ്പെടുത്തി, ആവശ്യക്കാർക്കു പുരാരേഖകഠം ലഭ്യമാക്കേണ്ടതാണ്.

നമ്മുടെ സാംസ്കാരികഖജനാവുകളാണ് കൈയെഴുത്തുപ്രതികഠം. താളിയോലഗ്രന്ഥങ്ങളും മററും ശേഖരിച്ചു സംരക്ഷിക്കാനും ഉപയോഗപ്പെടുത്താനും പര്യാപ്തമായ സംവിധാനം ഏർപ്പെടുത്തണം. രാജ്യത്തിലാകെയുള്ള കൈയെഴുത്തുപ്രതികളുടെ വിവരം എല്ലാവക്കും ലഭ്യമാക്കാൻ ഏർപ്പാടുണ്ടാവണം.

വിജ്ഞാനവിതരണത്തിനുള്ള മുഖ്യ—ഉപാധിയാണ് പുസ്തകം. എല്ലാത്തരം വായനക്കാക്കും പററിയ പുസ്തകങ്ങഠം നിർമിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പുസ്തകങ്ങളുടെ പ്രകാശകരും വില്പനക്കാരും ഗ്രന്ഥശാലാപ്രവത്തകരും തമ്മിൽ അടുത്ത ബന്ധം സ്ഥാപിക്കപ്പെടണം.

## ഇലക്ട്രോണിക് മാധ്യമങ്ങഠം

ഫിലിമുകഠം, ഡിസ്കുകഠം, ടേയ്പ്പുകഠം, സ്ലൈയ്ഡുകഠം മുതലായ ദൃശ്യ—ശ്രാവ്യ—ഉപകരണങ്ങഠം വിജ്ഞാനസംഭരണത്തിനും വിജ്ഞാനവിതരണത്തിനുമായി കൂടുതൽ കൂടുതൽ ഉപയോഗിക്കപ്പെട്ടുവരുകയാണ്. റേഡിയോയും ടെലിവിഷനും വിജ്ഞാനവിതരണത്തിൽ വളരെ വലിയ പങ്കുവഹിക്കുന്നു. ഇതു നിമിത്തം ഗ്രന്ഥശാലാസേവനം നിരക്ഷരർക്കുകൂടി ലഭ്യമാക്കാമെന്ന നിലവന്നിരിക്കുന്നു. ഗ്രന്ഥശാലകഠം ദൃശ്യ—ശ്രാവ്യ—ഉപകരണങ്ങഠം സംഭരിക്കുകയും, ജനങ്ങഠംക്ക് അവയുടെ സേവനം ലഭ്യമാക്കുകയും, ഇത്തരം ഉപകരണങ്ങഠം നിർമിക്കുന്നവരുമായി കൂടുതൽ സഹകരിക്കുകയും വേണം.

സ്വന്തം അപര്യാപ്തതകഠം പരിഹരിക്കുന്നതിനായി ഗ്രന്ഥശാലകളും വിജ്ഞാനവിതരണകേന്ദ്രങ്ങളും പരസ്പരം സഹകരിക്കണം. സ്കൂഠം ലൈബ്രറികളും പൊതുലൈബ്രറികളും തമ്മിൽ ബന്ധം വേണം. പൊതുലൈബ്രറിയിലെ അംഗങ്ങഠംക്ക്, ഉചിതവ്യവസ്ഥയിൽ, സ്കൂഠം—കോളേജ്—ലൈബ്രറികളിൽ അംഗത്വം നൽകണം. ഒരു പ്രദേശത്തുള്ള എല്ലാ ലൈബ്രറികളും പരസ്പരം സഹകരിച്ചു പ്രവത്തിക്കുന്നതിനു പററിയ നിർദേശങ്ങഠം അതാതു് അധികൃതസ്ഥാനങ്ങളിൽനിന്നു നൽകേണ്ടതാണ്.

വിഭവലഭ്യതയ്ക്കു് അനുസൃതമായി, ഓരോ തലത്തിലുമുള്ള ഗ്രന്ഥശാലാസേവനത്തിനു മിനിമം നിലവാരങ്ങഠം നിർണയിക്കേണ്ടതാണ്. പുസ്തകങ്ങളും മററു വിജ്ഞാനമാധ്യമങ്ങളും എങ്ങനെ ഉപയോഗിക്കണമെന്ന് അംഗങ്ങളെ പഠിപ്പിക്കുന്നതിനുള്ള കോഴ്സുകഠം നടത്തണം. കമ്പ്യൂട്ടർ, പകർപ്പെടുക്കൽ, മൈക്രോഫിലിം ഉപയോഗപ്പെടുത്തൽ, ഉപഗ്രഹവാർത്താവിനിമയം മുതലായ പുതിയ സാങ്കേതികവികാസങ്ങഠം വിജ്ഞാനസമ്പാദനത്തിന് എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ബഹുജനങ്ങളെ, അതാതു തലത്തിൽ, പഠിപ്പിക്കണം.

## ലൈബ്രേറിയന്മാർ

രാജ്യത്താതെ ലൈബ്രേറിയന്മാർക്ക് ഏകരൂപമായ പരിശീലനം ഏർപ്പെടുത്തണം. യൂനിവേഴ്സിററികളിൽ ഇന്നുള്ള ലൈബ്രേറി പരിശീലനം തുടരണം. അതേസമയം ഗ്രന്ഥശാലകളിലെ സ്വയംസേവകർ, പാതിസമയപ്രവത്തകർ മുതലായവർക്കായി ഒരേതരത്തിലുള്ള ഹ്രസ്വകാലകോഴ്സുകഠം ഏർപ്പെടുത്തണം. സ്റ്റേററ് ഗവണ്മെൻറിൻെറ മേൽനോട്ട

ത്തിൽ ഗ്രന്ഥശാലാസംഘങ്ങളാണ് ഈ കോഴ്സുകൾ നടത്തേണ്ടത്. സർവകലാശാലകളും നാഷണൽ ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങളും ഗ്രന്ഥശാലാ–വിജ്ഞാനവിതരണ–ശാസ്ത്രത്തിൽ ഗവേഷണവും പ്രത്യേക കോഴ്സുകളും നടത്തണം. ലൈബ്രേറിയന്മാർക്ക് നിരന്തരം വിദ്യാഭ്യാസത്തിനും, ജോലിക്കിടയ്ക്ക് പരിശീലനത്തിനും ഏർപ്പാടുണ്ടാക്കണം.

ലൈബ്രേറിയന്മാരുടെ നിലവാരം ഉയർത്താനായി, അതാതു തലങ്ങളിൽ അവരുടെ ശമ്പളവും അന്തസ്സും വർദ്ധിപ്പിക്കണം.

ലൈബ്രറി കെട്ടിടങ്ങളും അവയിലെ ഉപകരണങ്ങളും ഭംഗിയുള്ളവയും ഉപയോഗത്തിനു പററിയവയുമായിരിക്കണം. ഭാവിയിലെ വളച്ച് മുൻകൂട്ടി കണ്ടുവേണം ലൈബ്രറി കെട്ടിടങ്ങളുണ്ടാക്കാൻ. ഗ്രന്ഥശാലാ സംഘങ്ങൾക്ക ഫലപ്രദമായി പ്രവർത്തിക്കാൻ എല്ലാ സൗകര്യങ്ങളും നൽകണം. യുനെസ്കോ, ലൈബ്രറി സംഘടനകളുടെ അന്താരാഷ്ട്രീയ ഫെഡറേഷൻ (ഐ എഫ് എൽ എ), അന്താരാഷ്ട്രീയ ഡോക്യുമെന്റേഷൻ ഫെഡറേഷൻ (എഫ് ഐ ഡി) മുതലായ അന്താരാഷ്ട്രീയ സ്ഥാപനങ്ങളുമായി, ദേശീയലൈബ്രറിസംഘടനകൾ ലോകവിജ്ഞാനത്തിന്റെ തടസം കൂടാത്ത പ്രവാഹത്തിനായി, അതാതു തലത്തിൽ സഹകരിച്ച് പ്രവർത്തിക്കണം.

നിർദിഷ്ടമായ ദേശീയഗ്രന്ഥശാലാനയത്തിന്റെ കരടുരേഖയുടെ സംക്ഷേപമാണ് മുകളിൽ ചേർത്തത്. നമ്മുടെ ഗ്രന്ഥശാലകളിലെ സക്രിയപ്രവർത്തകരും, അദ്ധ്യാപകരും, ഈ വിഷയത്തിൽ താല്പര്യമുള്ള പൊതുജനങ്ങളും ഈ കരടുരേഖ ശ്രദ്ധയോടെ പഠിക്കുകയും, അഭിപ്രായങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്നതു നന്നായിരിക്കും.

(14 ജനുവരി, 1984)

# 45. സ്വൈരഭഞ്ജനം: പത്രപ്രവർത്തകർ ഒഴിവാക്കേണ്ട ഒരു കുററം

അന്വേഷണപ്രധാനമായ വാർത്താസംഭരണത്തെ ആസ്പദിച്ചുള്ള ലേഖനങ്ങളും (ഇൻവെസ്റ്റിഗേററീവ് റിപ്പോർട്ട്) ഫീച്ചറുകളും നമ്മുടെ പത്രങ്ങളിലും വാരികകളിലും സർവസാധാരണങ്ങളായിത്തീർന്നിരിക്കുകയാണല്ലൊ. മനുഷ്യതാല്പര്യമുണർത്തുന്ന ഒരു വാർത്ത (ഹ്യൂമൻ ഇൻടെറസ്റ്റ് സ്റ്റോറി) എങ്കിലും ദിനപ്പത്രങ്ങളുടെ ഒന്നാം പേജിൽ ഉണ്ടാകയേ കഴിയൂ എന്നും വന്നിരിക്കുന്നു. അഭിനേതാക്കളെന്ന നിലയിൽ നാംകൂടി പങ്കെടുക്കുന്നതും നമ്മുടെ ചുററും നിരന്തരം അരങ്ങേറിക്കൊണ്ടിരിക്കുന്നതുമായ 'മാനുഷികമഹാനാടക'ത്തെപ്പററി ആഴത്തിലുള്ള ഉൾക്കാഴ്ച തരുന്നതിനു് ഉപകരിക്കുന്നതെന്ന നിലയിൽ പത്രപ്രവർത്തനത്തിലെ ഈ പുതിയ പ്രവണത സ്വാഗതാർഹംതന്നെ.

പക്ഷേ, ഈ അന്വേഷണാധിഷ്ഠിതലേഖനങ്ങളും മനുഷ്യതാല്പര്യവാർത്തകളും 'സ്വൈര'ത്തിനു് (പ്രൈവസി) ഉള്ള പൗരന്മാരുടെ അവകാശത്തെ പലപ്പോഴും ധ്വംസിക്കാറുണ്ട്. ഈ അവകാശത്തെപ്പററി ഇന്ത്യയിൽ പൗരന്മാരോ പത്രപ്രവർത്തകരോ ഇനിയും വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. പത്രപ്രവർത്തനം ജനദ്രോഹമായി മാറാതിരി